**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429** **21-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ഗണ്യമായി കുറഞ്ഞുവരുന്നു എന്നത് വസ്തുതയാണോ; | (എ) | **നെല്ലിന്റെ ഉത്പാദനക്ഷമത സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഉയർന്ന തലം രേഖപ്പെടുത്തിയത് 2022-23 വർഷമാണ്. 3108 Kg/Ha എന്ന റെക്കോർഡ് വർദ്ധനവാണ് ഉണ്ടായത്. ഉത്പാദനക്ഷമതയിലെ വർദ്ധനവിലൂടെ ഉത്പാദനം വർദ്ധിക്കുകയും ഇത് വിസ്തൃതിയിൽ ഉണ്ടായ ചെറിയ കുറവിനെ പരിഹരിക്കുവാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | 2009-10 കാലഘട്ടത്തിലെ നെല്ലുല്പാദനത്തേക്കാൾ നിലവിലെ നെല്ലുല്പാദനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | **2009-10 കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ നെല്ലുത്പാദനത്തിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2009-10 ൽ 5.98 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2022-23 ൽ 5.96 ലക്ഷം മെട്രിക് ടണ്ണായി മാത്രമാണ് കുറഞ്ഞിരിക്കുന്നത്. ഉത്പാദനക്ഷമതയിൽ ഉണ്ടായ വർദ്ധനവ് നെല്ല് കൃഷിയുടെ വിസ്തൃതിയിലുണ്ടായ കുറവ് പരിഹരിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. നഗരവൽക്കരണം, ജനസംഖ്യാ വർദ്ധനവ് , ജനസാന്ദ്രതയിലുണ്ടായ വർദ്ധനവ്, നെൽവയലുകൾ തരം മാറ്റുന്നതു മൂലം ഉണ്ടാകുന്ന പ്രകൃതിസ്രോതസ്സുകളുടെ കുറവ് തുടങ്ങിയവ നെൽവയലുകളുടെ വിസ്തൃതിയിൽ കുറവുണ്ടാക്കുകയും നെല്ലുത്പാദനത്തിൽ ചെറിയ കുറവ് വരുവാനും ഇടയാക്കിയിട്ടുണ്ട്.** |
| (സി) | നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **ബോധവൽക്കരണ പ്രവർത്തനങ്ങളിലും കാർഷിക മേഖലയിലേക്ക് കൂടുതൽ ജനവിഭാഗത്തിനെ ആകർഷിച്ചും നെൽകൃഷിക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകിയും, സംഭരണം കാര്യക്ഷമമാക്കിയും നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഞങ്ങളും കൃഷിയിലേക്ക് , കൃഷി സമൃദ്ധി പദ്ധതികളിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയും തദ്ദേശഭരണ** |

| | | | |
|---|---|---|---|
| | | | **സ്ഥാപനങ്ങളുടെ ഇടപെടൽ കാര്യക്ഷമമാക്കിയും കൃഷിക്കൂട്ടങ്ങളെയും പാടശേഖര സമിതികളെയും ശക്തമാക്കിയും നവോത്ഥാൻ പദ്ധതികൾ നടപ്പാക്കിയും നെൽകൃഷി വ്യാപിപ്പിക്കുവാനുള്ള ശ്രമം നടത്തി വരുന്നു. കൂടാതെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിച്ചും ഡ്രോൺ പോലെയുള്ള സംവിധാനം ഉപയോഗിച്ചും കൃഷി ചെലവ് കുറയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ